# പതിമൂന്നാം കേരള നിയമ സഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3316. 23 -06 - 2014-ൽ മറുപടിക്ക്.

### സെക്രട്ടറിയേറ്റിലെ കമ്പ്യൂട്ടർ വൽക്കരണം

ചോദ്യം

ശ്രീ. എം.എ. വാഹീദ്.

ഉത്തരം

ശ്രീ. ഉമ്മൻ ചാണ്ടി

( മുഖ്യ മന്ത്രി)

| | | | |
|---|---|---|---|
| (എ) | സെക്രട്ടറിയേറ്റിലെ എല്ലാ സെക്ഷനുകളിലും കമ്പ്യൂട്ടർ സ്ഥാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) | ഉണ്ട്. കമ്പ്യൂട്ടർ അസിസ്റ്റന്റ്, അസിസ്റ്റന്റ് തസ്തികകൾ തുടങ്ങി മുകളിലുള്ള എല്ലാ ഉദ്യോഗസ്ഥർക്കും കമ്പ്യൂട്ടർ ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | കമ്പ്യൂട്ടർ സ്ഥാപിച്ചിട്ടുള്ള സെക്ഷനുകളിൽ എത്ര സെക്ഷനുകളാണ് തപാലുകൾ സ്വീകരിക്കുന്നതും ഫയൽ അയയ്ക്കുന്നതും ഐഡിയാസിൽ അപ്ഡേറ്റ് ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) | ഐ.റ്റി, ധനകാര്യം എന്നീ വകുപ്പുകളിൽ ഇ-ഓഫീസ്/ സംവിധാനവും ഉന്നതവിദ്യാഭ്യാസ വകുപ്പിൽ ഡി.ഡി.എഫ്.എസ് സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. ഇതൊഴികെയുള്ള എല്ലാ വകുപ്പുകളിലും തപാൽ സ്വീകരിക്കുന്നതും ഫയൽ നീക്കങ്ങൾ രേഖപ്പെടുത്തുന്നതും ഐഡിയാസ് മുഖേനയാണ്. |
| (സി) | തപാലുകൾ സ്വീകരിക്കുന്നതും ഫയൽ അയയ്ക്കുന്നതും ഐഡിയാസിൽ അപ്ഡേറ്റ് ചെയ്യാത്ത സെക്ഷനുകളിൽ ആയത് നിർബന്ധമാക്കാൻ നടപടി സ്വീകരിക്കുമോ ; | (സി) | തപാലുകൾ സ്വീകരിക്കുന്നതും ഫയൽ നീക്കങ്ങൾ രേഖപ്പെടുത്തുന്നതും ഐഡിയാസ് വഴി ആയിരിക്കണമെന്ന് 06-07-2011 ലെ 2011/2373/1, 3-10-12 ലെ 2011/2373/1, 22-11-2012 ലെ 2011/2373/1 എന്നീ നമ്പർ സർക്കുലറുകൾ പ്രകാരം കർശന നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | സെക്രട്ടറിയേറ്റിൽ കമ്പ്യൂട്ടർ സ്ഥാപിച്ചിട്ടില്ലാത്ത സെക്ഷനുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാമെന്ന് വ്യക്ത മാക്കുമോ; | (ഡി) & (ഇ) | സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകളിലും കമ്പ്യൂട്ടർ സ്ഥാപിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | കമ്പ്യൂട്ടർ സ്ഥാപിച്ചിട്ടില്ലാത്ത സെക്ഷനുകളിൽ എത്രയും വേഗം കമ്പ്യൂട്ടർ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; | | |
| (എഫ്) | സെക്രട്ടറിയേറ്റിൽ ലഭിക്കുന്ന എം.എൽ.എ മാരുടെ കത്തുകളിന്മേലുള്ള നടപടി സംബന്ധിച്ച വിവരം മൊബൈൽ ഫോണിലൂടെ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ? | (എഫ്) | ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ